ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.08.2025** | പ്രധാന വാർത്തകൾ | **TIME: 12.50 PM**

1. ഏക ഭാരതം-ശ്രേഷ്ഠ ഭാരതമെന്ന തത്വം രാജ്യത്തിന്റെ വികസനത്തിന് സുപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഇന്ത്യൻ സംസ്കാരത്തിന് ആഗോള തലത്തിൽ സ്വീകാര്യതയേറുന്നതായും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

   **The spirit of Ek Bharat-Shreshtha Bharat is very important for the development of the nation says PM Narendra Modi; Indian culture is gaining acceptance at the global level: PM in Mann Ki Baat.**

2. ശുചിത്വത്തിനും സ്വദേശി ഉല്പന്നങ്ങൾക്കും ഊന്നൽ നൽകി ഉത്സവങ്ങൾ ആഘോഷിക്കണമെന്ന് പ്രധാനമന്ത്രി.

   **The Prime Minister says that celebrate festivals with emphasis on cleanliness and local products.**

3. ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം പരസ്പര വിശ്വാസത്തിലധിഷ്ഠിതമെന്നും, അത് തുടരാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says that the relationship between India and China is based on mutual trust, and India is committed to continuing it.**

4. ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഉടൻ മാറുമെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര.

   **India will become the world’s third largest economy soon: RBI Governor.**

5. കോഴിക്കോട്, വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**CM Pinarayi Vijayan will inaugurate the construction of the Anakkampoyil-Meppadi tunnel on the Kozhikode-Wayanad border today.**

6. ഏഷ്യാകപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും.

**India will face Japan in the Asia Cup Hockey Championship today.**

&&&&&&&&&&&&&&&&&&

## MANN KI BAAT- VOCAL FOR LOCAL

ഏക ഭാരതം ശ്രേഷ്ഠ ഭാരതം, സ്വയംപര്യാപ്ത ഇന്ത്യ, 'വോക്കൽ ഫോർ ലോക്കൽ' എന്നീ മന്ത്രങ്ങളുമായി രാജ്യം മുന്നോട്ട് പോകേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 125-ാമത് പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വദേശി ഉത്പന്നങ്ങൾ വാങ്ങുമെന്ന തീരുമാനം മുറുകെപിടിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശുചിത്വത്തിന് ഊന്നൽ നൽകുന്നത് ഉത്സവങ്ങളുടെ ശോഭ വർധിപ്പിക്കും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തിടെയുണ്ടായ പ്രകൃതിദുരന്തങ്ങളിൽ, NDRF - SDRF ഉദ്യോഗസ്ഥർ, സുരക്ഷ സേനകൾ തുടങ്ങിയവർ നടത്തിയ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു. സാങ്കേതിക വിദ്യയുടെ സഹായം സൈനികർ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തിയതായും ശ്രീ. മോദി പറഞ്ഞു.

*************************

## MANN KI BAAT-PRATHIBHA SETHU (INTRO)

യുപിഎസ്‌സി പരീക്ഷകളിൽ വിവിധ ഘട്ടങ്ങൾ വിജയിക്കുകയും, എന്നാൽ അന്തിമ പട്ടികയിൽ ഇടം നേടാതിരിക്കുകയും ചെയ്ത, ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ സൂക്ഷിക്കുന്ന ഡിജിറ്റൽ

പ്ലാറ്റ്ഫോം 'പ്രതിഭ സേതു'വിനെ കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രതിപാദിച്ചു. ഇത്തരം ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ സ്വകാര്യ കമ്പനികൾക്ക് ലഭ്യമാക്കാനും, അവിടങ്ങളിലവർക്ക് നിയമനം ലഭിക്കാനും ഈ പ്ലാറ്റഫോം സഹായിക്കും. ഈ പോർട്ടലിലൂടെ നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചു കഴിഞ്ഞതായും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് പി. എം. വോയിസ്)

കർഷകരുടെ ജീവിതത്തെ സൗരോർജ്ജ മേഖലയിലെ മുന്നേറ്റം മാറ്റി മറിക്കുന്നു. സൗരോർജ പമ്പുപയോഗിച്ച് 40 ഏക്കറിലധികം ഭൂമിയിലേക്ക് ജലസേചനം നടത്തുന്ന ബീഹാറിലെ മുസാഫർപൂർ സ്വദേശിനി ദേവ്കിയെ പ്രധാനമന്ത്രി പരിപാടിയിൽ പരാമർശിച്ചു.
*************************

## MANN KI BAAT- SPORTS

രാജ്യത്തിന്റെ ഐക്യം, വികസനത്തിന് സുപ്രധാനമാണെന്നും, അതിൽ കായികമേഖലക്ക് വലിയ പങ്കുണ്ടെന്നും, പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ശ്രീനഗറിലെ ദാൽ തടാകത്തിൽ നടന്ന ആദ്യ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിനെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. റോയൽ പ്രീമിയർ ലീഗിനിടെ ജമ്മു കശ്മീരിലെ പുൽവാമയിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ റെക്കോർഡ് ആളുകൾ ഒത്തുകൂടി. ജർമ്മൻ ഫുട്ബോൾ കളിക്കാരനും പരിശീലകനുമായ ഡയറ്റ്മാർ ബെയേഴ്സ്ഡോർഫർ, ലെക്സ് ഫ്രിഡ്മാനുമായുള്ള തന്റെ പോഡ്കാസ്റ്റ് കേട്ടുവെന്നും, മധ്യപ്രദേശിലെ ഷാഹ്ദോളിലെ യുവ ഫുട്ബോൾ കളിക്കാരുടെ ജീവിത യാത്രയിൽ അദ്ദേഹത്തിന് മതിപ്പുളവായെന്നും പ്രധാനമന്ത്രി പറഞ്ഞു.
*************************

## MANN KI BAAT- PATEL (INTRO)

രാമായണത്തോടും ഇന്ത്യൻ സംസ്കാരത്തോടുമുള്ള താല്പര്യം ഇന്ന് ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വളരുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. റഷ്യയിലെ വ്ളാഡിവോസ്റ്റോക്കിൽ രാമായണത്തെ ആസ്പദമാക്കി കുട്ടികളുടെ ചിത്ര പ്രദർശനം നടന്നത് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള അവബോധം വളരുന്നത് സന്തോഷകരമാണെന്നും ശ്രീ. മോദി പറഞ്ഞു. ഹൈദരാബാദ് വിമോചനം സാധ്യമാക്കിയ ഓപ്പറേഷൻ പോളോയെ കുറിച്ച് പ്രധാനമന്ത്രി സംസാരിച്ചു. ഇത് സാധ്യമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ ശബ്ദശകലം മൻ കി ബാത്തിൽ അദ്ദേഹം പങ്കുവച്ചു. അടുത്ത മാസം ഹൈദരാബാദ് വിമോചന ദിനം ആഘോഷിക്കുമ്പോൾ, ഓപ്പറേഷൻ പോളോയിൽ പങ്കെടുത്തവരുടെ ധീരത രാജ്യം അനുസ്മരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*************************

## MANN KI BAAT- 5

മരപ്പണിക്കാർ, കൽ പണിക്കാർ, സ്വർണ്ണപ്പണിക്കാർ, മൺപാത്ര നിർമാതാക്കൾ, ശിൽപികൾ എന്നിവർ ഇന്ത്യയുടെ അഭിവൃദ്ധിയുടെ അടിത്തറയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പരമ്പരാഗത കരകൗശലവിദ്യ, ശാസ്ത്രം എന്നിവ തലമുറകളിലേക്ക് കൈമാറുന്ന വിശ്വകർമജർക്ക് സമർപ്പിക്കപ്പെട്ടതാണ് സെപ്റ്റംബർ 17 ന് ആഘോഷിക്കുന്ന വിശ്വകർമ ജയന്തി ദിനം. മഹാനായ എഞ്ചിനീയർ മോക്ഷഗുണ്ടം വിശ്വേശ്വരയ്യയുടെ ജന്മദിനമായ സെപ്റ്റംബർ 15, എഞ്ചിനീയേഴ്സ് ദിനമായി ആഘോഷിക്കുന്നു. യന്ത്രങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നവരാണ് എഞ്ചിനീയർമാർ. ഗണേശോത്സവം ഉൾപ്പെടെ വരാനിരിക്കുന്ന ഉത്സവങ്ങളിൽ

സ്വദേശി, ശുചിത്വം എന്നിവ മുറുകെപ്പിടിക്കണം. ജനങ്ങളുടെ നിർദ്ദേശങ്ങൾ മൻ കി ബാത്ത് പരിപാടിക്ക് പ്രധാനമാണെന്നും, തുടർന്നും അവ അയക്കണമെന്നും ശ്രീ. നരേന്ദ്രമോദി ആവശ്യപ്പെട്ടു.

*************************

## PRATHIBHA SETHU-REACTION (INTRO)

യു പി എസ് സി ഉദ്യോഗാർത്ഥികൾക്കായി കേന്ദ്ര സർക്കാർ പ്രതിഭാ സേതു സംവിധാനം ആരംഭിച്ചതിൽ വളരെ സന്തോഷമെന്ന് കണ്ണൂർ അഞ്ചരക്കണ്ടി സ്വദേശി ഗോപിക ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

*************************

## PM-SCO (INTRO)

25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാനായി ചൈനയിലെ ടിയാൻജിനിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഉഭയകക്ഷി ചർച്ച നടത്തി. പരസ്പര വിശ്വാസം, ബഹുമാനം, എന്നിവയുടെ അടിസ്ഥാനത്തിൽ ചൈനയുമായുള്ള ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. അതിർത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഇരു രാജ്യങ്ങളും ധാരണയിലെത്തി. കൈലാസ് മാനസരോവർ യാത്ര പുനഃരാരംഭിച്ചതായും ഇരു രാജ്യങ്ങൾക്കുമിടയിൽ നേരിട്ടുള്ള വിമാന സർവീസുകൾ ഉടൻ പുനഃരാരംഭിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

(ഹോൾഡ്-വോയ്സ്)

SCO അംഗരാജ്യ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തുന്ന പ്രധാനമന്ത്രി സ്വാഗത വിരുന്നിലും പങ്കെടുക്കും. 2017 ലാണ് ഇന്ത്യ SCO-യിൽ അംഗമായത്.

*************************

## PUTIN ARRIVES IN CHINA

ചൈന സന്ദർശനത്തിന്റെ ഭാഗമായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്ന് രാവിലെ ടിയാൻജിനിൽ എത്തി. ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി, തുർക്കിയെ, ഇറാൻ പ്രസിഡന്റുമാരുൾപ്പെടെ വിദേശ നേതാക്കളുമായും പുടിൻ ഉഭയകക്ഷി ചർച്ച നടത്തും.

*************************

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. കടപ്പാക്കട ആശ്രാമം ഡിവിഷനിൽ മൻ കി ബാത്ത് പ്രക്ഷേപണത്തോട് അനുബന്ധിച്ചുള്ള പരിപാടിയിൽ ശ്രീ ജോർജ് കുര്യൻ സംബന്ധിച്ചു.

*************************

## CM - KOZHIKODE

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് നിർവഹിച്ചു. വിഷയത്തിൽ സംസ്ഥാന നിയമത്തിന്റെ കരട് ബിൽ തയ്യാറായതായി മുഖ്യമന്ത്രി പറഞ്ഞു. വനാതിർത്തിയിലെ സ്മാർട്ട് ഫെൻസിംഗ് പദ്ധതി പ്രഖ്യാപനം, ഇക്കോ-ടൂറിസം മൊബൈൽ ആപ്പ് പ്രകാശനം, ആറളം ശലഭഗ്രാമത്തിന്റെ പ്രഖ്യാപനം, ആരണ്യം പ്രകാശനം തുടങ്ങിയവയും ചടങ്ങിൽ നടന്നു.

*************************

## CM-KERALA

കോഴിക്കോട്, വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. ഉച്ചകഴിഞ്ഞു മൂന്ന് മണിക്ക്, ആനക്കാംപൊയിൽ സെന്റ് മേരീസ് സ്കൂളിലാണ് ഉദ്ഘാടന ചടങ്ങ്. താമരശ്ശേരി ചുരത്തിനു ബദലായാണ് 8.73 കിലോമീറ്റർ നീളമുള്ള നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ പദ്ധതി ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് നിർവഹണ ചുമതല.

*************************

## RATION SHOP

കേരളത്തിൽ എല്ലാ റേഷൻ കടകളും ഇന്ന് തുറന്നു പ്രവർത്തിക്കുന്നു. ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണവും സ്പെഷ്യൽ അരിയുടെ വിതരണവും ഇന്ന് പൂർത്തിയാകും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് നാളെ റേഷൻകടകൾക്ക് അവധിയായിരിക്കും. ചൊവ്വാഴ്ച മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

*************************

## GDP - RBI GOVERNOR

ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഉടൻ മാറുമെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. രാജ്യത്തിന്റെ വളർച്ചയ്ക്ക് പ്രധാൻമന്ത്രി ജൻ ധൻ യോജന മുതൽക്കൂട്ടായതായി അദ്ദേഹം പറഞ്ഞു. നടപ്പ് സാമ്പത്തിക വർഷത്തിലെ ഏപ്രിൽ-ജൂൺ പാദത്തിൽ ഇന്ത്യയുടെ ജിഡിപി 7.8 ശതമാനം വളർച്ച കൈവരിച്ച സാഹചര്യത്തിലാണ്

അദ്ദേഹത്തിന്റെ പരാമർശം. ഇത് അഞ്ച് പാദങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണ്.

*************************

## BIHAR ASIA CUP

ഏഷ്യാകപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. ബീഹാറിലെ രാജ് ഗീർ ഇന്റർനാഷണൽ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിൽ വൈകിട്ട് 3.00 മണിക്കാണ് മത്സരം. പൂൾ എ യിൽ മത്സരിക്കുന്ന ഇരു ടീമുകളും ആദ്യ മത്സരം വിജയിച്ചിട്ടുണ്ട്.

*************************

## AMIT SHAH-GUJARAT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ നഗര ആരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യും. വിവിധ നഗര വനവൽക്കരണ പരിപാടികളിലും അദ്ദേഹം പങ്കെടുക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് കേന്ദ്ര ആഭ്യന്തരമന്ത്രി ഗുജറാത്തിലെത്തിയത്.

*

*******************

*****************************************************